**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 537** **09-08-2023 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധി നേരിടാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയത് മൂലം ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈ ഇനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നടപ്പ് വർഷം 7246 കോടി രൂപയുടെ കുറവ് ഉണ്ടാകും. അങ്ങനെയിരിക്കേതന്നെ മുൻ വർഷങ്ങളിലേതു പോലെ കേന്ദ്ര സർക്കാർ മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുകയും ചെയ്തിരുന്നു. ഇത്രയും ഭീമമായ കുറവ് തനത് വരുമാനത്തിലൂടെ നികത്തുവാനും സാദ്ധ്യമല്ല. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ കാരണം. |
| (ബി) | പെട്രോൾ, ഡീസൽ സെസ് അടക്കം വിവിധ നികുതികൾ ക്രമാതീതമായി വർദ്ധിപ്പിച്ചിട്ടും സർക്കാരിന് വരുമാനം ഉയർത്തി സാമ്പത്തിക | (ബി) | സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് |

| | | | |
|---|---|---|---|
| | സ്ഥിതി മെച്ചപ്പെടുത്താൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | | പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയത് മൂലം ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈ ഇനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നടപ്പ് വർഷം 7246 കോടി രൂപയുടെ കുറവ് ഉണ്ടാകും. അങ്ങനെയിരിക്കേതന്നെ മുൻ വർഷങ്ങളിലേതു പോലെ കേന്ദ്ര സർക്കാർ മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുകയും ചെയ്തിരുന്നു. ഇത്രയും ഭീമമായ കുറവ് തനത് വരുമാനത്തിലൂടെ നികത്തുവാനും സാദ്ധ്യമല്ല. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ കാരണം. |
| (സി) | സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം ക്ഷേമ പ്രവർത്തനങ്ങൾ പോലും മുടങ്ങിയിരിക്കുന്നു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിച്ചും ചെലവുകളിൽ മിതത്വം പാലിച്ചും നിലവിലെ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുവാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. അതോടൊപ്പം വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ നടത്തി വരികയാണ്. |
| (ഡി) | ക്ഷേമ പ്രവർത്തനങ്ങൾക്കും സപ്ലൈകോയ്ക്കും കരാറുകാർക്കുമുള്ള കുടിശിക ഉൾപ്പെടെയുള്ള ബാധ്യതകൾ അടിയന്തരമായി കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിച്ചും ചെലവുകളിൽ മിതത്വം പാലിച്ചും നിലവിലെ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുവാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. അതോടൊപ്പം വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ